# <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>
# <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

ജില്ല: കണ്ണൂർ
ബ്ലോക്ക് :പയ്യന്നൂർ
പഞ്ചായത്ത് :പെരിങ്ങോം വയക്കര
വാര്ഡ് :1 വള്ളിപ്പിലാവ്
സോഷ്യൽ ഓഡിറ്റ് പീരീഡ്: 17.10.19 to 22.10.19

റിപ്പോര്ട്ട്തയ്യാറാക്കിയത്

അശ്വതി രാജു

ലീന കോശി

ഡിവിന

വില്ലേജ് റിസോഴ്സ് പെര്സൺ പയ്യന്നൂർ ബ്ലോക്ക്

---

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

**2018-19**

---

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർ ഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യ ൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നു.പദ്ധതി ആസൂത്രണം. നിർവഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നിലവിൽവന്നു

1.രീതിശാസ്ത്രം

താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. ഓഡിറ്റ് പ്ലാൻ
2. അഭിമുഖം :പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ് ,മേറ്റ്, തൊഴിലാളികൾ, കർഷകർ,

3. ഫയൽ പരിശോധന
4. ഫീൽഡ് സന്ദർശനം, നിരീക്ഷണം
5. റഫറൻസ്: വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ
6. വിവരങ്ങളുടെ ക്രോഡീകരണം: ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച
7. കരട് റിപ്പോർട്ട് തയ്യാറാക്
8. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

2. **പഞ്ചായത്ത്അടിസ്ഥാനവിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | ജില്ല | കണ്ണൂർ | |
| 2 | ബ്ലോക്ക് | പയ്യന്നൂർ | |
| 3 | അതിരുകൾ | | |
| 3.1 | കിഴക്ക് | ചെറുപുഴ ,ആലക്കോട് ഗ്രാമ പഞ്ചായത്ത് | |
| 3.2 | പടിഞ്ഞാറ് | കാങ്കോൽ ആലംപടപ് ഗ്രാമപഞ്ചായത്ത് | |
| 3.3 | തെക്ക് | എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത് | |
| 3.4 | വടക്ക് | കാസറഗോഡ് ജില്ല | |
| 4 | വിസ്തീർണം | 76.98 | |
| 5 | വാർഡ് കളുടെ എണ്ണം | 16 | |
| | ജനസംഖ്യ | 29374 | |
| | പുരുഷൻ മാർ | 14099 | |
| | സ്ത്രീകൾ | 15275 | |
| 6 | ജനറൽ | 27922 | |
| 7 | പട്ടിക ജാതി | 1198 | |
| 8 | പട്ടിക വർഗം | 254 | |
| 9 | വീടുകൾ | 7215 | |
| 10 | ആരോഗ്യ സ്ഥാപനങ്ങൾ | 5 | |
| 11 | സ്കൂൾ | 16 | |
| 12 | കുടുംബശ്രീ യൂണിറ്റ് | 303 | |
| 13 | അംഗൻവാടി | 40 | |
| 14 | കുടുംബക്ഷേമ ഉപകേന്ദ്രം | 9 | |

**4.തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം**

| തൊഴിൽ കാർഡ് ( ആകെ) | ആക്റ്റീവ് തൊഴിൽ കാർഡ് | ആക്റ്റീവ് തൊഴിൽ കാർഡ് (sc/എസ്,ടി) | | നൂറു ദിന തൊഴിൽ |
|---|---|---|---|---|
| 4371 | 2297 | Sc-93 | S T-45 | 503 |

5.**വാർഡ്തലത്തിൽ  വിവരം**

| തൊഴിൽ കാർഡ്( ആകെ) | ആക്റ്റീവ് തൊഴിൽ കാർഡ് | ആക്റ്റീവ് തൊഴിൽ കാർഡ് (sc/എസ്,ടി) | നൂറു ദിന തൊഴിൽ |
|---|---|---|---|
| 325 | 120 | St-5 | 40 |

**6.ഓഡിറ്റ് നു വിധേയമാക്കിയ  പ്രവൃത്തികളുടെ ലിസ്റ്റ്**

| ക്ര | പ്രവൃത്തിയുടെപേര് | കാലയളവ് | തൊഴിൽദിനങ്ങൾ | ചിലവായതുക | | | ആകെ | സ്റ്റാറ്റസ്. |
|---|---|---|---|---|---|---|---|---|
| | | | | അവിദഗ്ദ്ധകൂലി | വിദഗ്ദ്ധകൂലി | തൊഴിലുപകരണങ്ങളുടെ വാടക | | |
| 1 | **പൊന്നംവയൽകല്ല്കയ്യാലനിർമാണംWC/328881** | 09.10.2018- 29.12.2018 | 891 | 203521 | 119000 | 4506 | 327027 | പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | നീർത്തടത്തിൽതടയണനിർമ്മാണം**Wc/336296** | 07.01.2019<br>26.02.2019 | 884 | 188887 | 158950 | 4182 | 352019 | പൂർത്തീകരിച്ചു |
| 3 | **കല്ല്കയ്യാലനിർമാണം**<br>**WC/298116** | 09.10.2018<br>09.01.2019 | 1158 | 259889 | 169150 | 5754 | 439783 | പൂർത്തീകരിച്ചു |

**7.പ്രവർത്തികളുടെപരിശോധനവിവരണം**

| | പ്രവൃത്തിയുടെപേര് | എം,ബുക്കിൽരേഖപെടുത്തിയഅളവ് | ഫീൽഡ്പരിശോധന |
|---|---|---|---|
| 1 | കല്ല്കയ്യാലനിർമ്മാണംwc/328881 | **821മീറ്റർ** | 785**മീറ്റർ** |
| 2 | കുട്ടേനിനീർത്തടത്തിൽ തടയണനിർമ്മാണം**Wc/336296** | **450.12ഘനമീറ്റർ** | വർഷകാലത്ത് പൊളിച്ചു മാറ്റിയതിനാൽ അളക്കാൻ പറ്റിയില്ല |
| 3 | കല്ല്കയ്യാലനിർമാണംWC/298116 | **1095മീറ്റർ** | 945**മീറ്റർ** |

**നിരീക്ഷണം**

കല്ല്കയ്യാലനിർമ്മാണത്തിൽകാർത്യായനിയുടെ കല്ല് കയ്യാല 40മീറ്റർ പൊട്ടിയത് ഒഴിച്ചാൽകുഴപ്പമില്ലാത്തരീതിയിൽചെയ്തു. . കഴിഞ്ഞവർഷംകാലത്ത്ഇത് വളരെയധികംപ്രയോജനംചെയ്യതായിനാട്ടുകാരിൽനിന്നുംഅഭിപ്രായംഉണ്ട്.

**7.അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ**

മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.സോഷ്യൽ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തവകാശങ്ങളും സംരക്ഷിക്കപെടുന്നുവെന്നും വിലയിരുത്തുന്നു. തൊഴിലുറപ്പ് നിയമത്തിലൂടെ തൊഴിലാളികള്ക്ക് ലഭ്യമായ അവകാശങ്ങളെ കുറിച്ച് താഴെ പറയുന്നു.

1. **തൊഴില് കാര്ഡുമായി ബന്ധപ്പെവ:**

തൊഴില്കാര്ഡ്ഒരുആധികാരികരേഖയാണ് .മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നല്കുന്ന കുടുംബങ്ങള്ക്ക് 15 ദിവസത്തിനകം തികച്ചും സൌജന്യമായി തൊഴിൽ കാര്ഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ കാർഡ് പുതുക്കി നല്കേണ്ടതുമാണ്. തൊഴിൽ കാര്ഡ് തൊഴിലാളികളുടെ കൈവശം തന്നെയാണ് സൂക്ഷിക്കേണ്ടത് തൊഴിൽ ഏര്പ്പെട്ട ദിവസങ്ങൾ കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു എന്നാൽ തൊഴിൽ കാർഡിൽ അടിസ്ഥാന പരമായി പൂരിപ്പികേണ്ട എല്ലാ ഭാഗങ്ങളും ഒഴിഞ്ഞു കിടക്കുന്നു.തൊഴിലാളി തൊഴിൽ ആവശ്യ പെട്ട തീയതി,ആവശ്യ പെട്ട കാലയളവ് ജോലി ലഭ്യമായ കാലയളവ് ലഭ്യമായ കൂലി എന്നീ ഭാഗങ്ങൾ ഒന്നും തന്നെ പൂരിപിച്ചിട്ടില്ല.ആയതിനാൽ കഴിഞ്ഞ സാമ്പത്തീക വർഷം ഇതു തൊഴിലിൽ ഭാഗമായിരുന്നു എന്ന് തൊഴിൽ കാർഡിൽ നിന്നും മനസിലാക്കാൻ സാധിച്ചിരുന്നില്ല.

2. **തൊഴിൽ ലഭിക്കുന്നത് സംബന്ധിച്ച്:**

തൊഴിൽ കാര്ഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്. അപേക്ഷ നല്കിയാൽ കൈപ്പറ്റു രശീത് നല്കുകയും15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്നും നിയമത്തിൽ പ്രതിപാദിക്കുന്നു..അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രശീത് നിര്ബന്ധമായും നല്കണമെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ട് . ഫയലിൽ തൊഴിൽ അപേക്ഷകളോ രശീതിന്റെ കൌണ്ടർ സ്ലിപ് കാണാൻ സാധിച്ചിട്ടില്ല. തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15

ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്നുണ്ട്. വാർഡിലെ തൊഴിലാളികൾക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളിൽ അപേക്ഷ സമര്‍പ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴിൽ അനുവദിക്കേണ്ടതുണ്ട്. വാര്‍ഡിലെതൊഴിലാളികൾ തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര്‍പ്പിക്കാറില്ല അതുകൊണ്ടുതന്നെ കൃത്യമായി തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന് രേഖകളിൽ നിന്നും വ്യക്തമല്ല.

**3.തൊഴിലില്ലായ്മവേതനം:**

തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അവകാശമുണ്ട്.വാർഡിലെതൊഴിലാളികൾ തീയ്യതി രേഖപ്പെടുത്തി. രേഖാമൂലം അപേക്ഷ സമര്‍പ്പിക്കാറില്ല ,അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**4.ഷെൽഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്:**

വാര്‍ഡിൽ ആവശ്യമായ വികസന പ്രവൃത്തികൾ കണ്ടെത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഉണ്ട്. തൊഴിൽ കണ്ടെത്തുന്നതിനു തൊഴിലാളികളുടെയും മേറ്റിന്റെയും ഭാഗത്ത് നിന്നും പങ്കാളിത്തമുണ്ടാവുന്നുണ്ട്, എന്നാൽ തൊഴിലുറപ്പിൽ അനുവദനീയമായ ആസ്തി വികസന പ്രവൃത്തികൾ കണ്ടെത്തുന്നതിന് വാർഡിലെ വിവിധ മേഖലയിൽ ഉള്ളവരുടെ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.പഞ്ചായത്തിൽവാര്‍ഡ് തലത്തിൽ ഗ്രാമസഭ രജിസ്റെർ സൂക്ഷിക്കുന്നതായി കണ്ടു.വാര്‍ഡിലെ പൊതു ഗ്രാമസഭയിൽ ആണ് തൊഴിലുറപ്പ് സംബന്ധമായ യോഗം ചേര്‍ന്നതായി കാണുന്നത്.

**5.യാത്രാ ചെലവ് സംബന്ധിച്ച്:**

തൊഴിലാളികൾക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റര്‍ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ യാത്രാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കണം. അഞ്ച്കിലോമീറ്റര്‍ പരിധിക്കപ്പുറം തൊഴിലുറപ്പ് പ്രവൃത്തി ചെയ്യില്ല എന്നാണു തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത്.

**6.പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങൾ സംബന്ധിച്ച്;**

തൊഴിലിടങ്ങളിൽ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ, വിശ്രമ സമയത്തെ തണൽ സൗകര്യം, കുടിവെള്ളം എന്നിവ തൊഴിലാളികൾക്ക് സൌജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. . തൊഴിലാളികളുമായുള്ള കൂടിക്കാഴ്ച യിൽ മനസിലാക്കാൻസാധിച്ചത് കുടിവെള്ളത്തിനായി പാത്രം,ഗ്ലാസ് എന്നിവ ലഭ്യമായിരുന്നില്ല എന്നും അതോടൊപ്പം പ്രഥമ ശുശ്രൂഷ മരുന്നുകൾ ലഭിച്ചില്ല എന്നറിയാൻ സാധിച്ചു,എന്നാൽ ഇതുവരെ തൊഴിലാളികള്ക്ക് ,കയ്യുറ കാലുറ ലഭിച്ചിട്ടില്ല .ഇത് നിർവഹണ ഏജന്‍സിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്, തുടര്‍ന്നുള്ള പ്രവൃത്തികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിർവഹണ ഏജന്‍സി ശ്രദ്ധിക്കേണ്ടതുണ്ട്.

**അപകടങ്ങൾ സംബന്ധിച്ച്:**

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കിൽ നിയമത്തിലെ ഷെഡ്യൂൾ 2(5)പ്രകാരവുംഅദ്ധ്യായം 9 ലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും ചികിൽസാ ചെലവുകളുടെ രേഖകൾ സമര്‍പ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്.ഓഡിറ്റ് കാലയളവിൽ അത്തരത്തിൽ ഉള്ള അപകടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല **.**

**7.വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;**

തൊഴിലുറപ്പ് നിയമത്തിൽ **സെക്ഷൻ 3(2)**പ്രകാരം മസ്റ്റർ റോള് കാലാവധി കഴിഞ്ഞു 15ദിവസ ത്തിനകം തൊഴിലാളികളുടെ അക്കൌണ്ടിൽ കൂലി ലഭിക്കുവാൻ അവകാശമുണ്ട്.
പഞ്ചായത്തിൽ നിന്നും പതിനഞ്ച് ദിവസത്തിനുള്ളിൽ എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.

**15 ദിവസത്തിനകം വേതനം ലഭ്യമായിലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം**

തൊഴിൽ പൂർത്തീകരിച്ചു പതിനഞ്ചു ദിവസത്നുള്ളിൽ കൂലി ലഭിചിരുന്നിലെന്കിൽ കൂലിയുടെ 0.05 ശതമാനം **നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്.** പഞ്ചായത്തിൽ നിന്നും പതിനഞ്ച് ദിവസത്തിനുള്ളിൽ എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകതിരിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് വേതനം ലഭിക്കാൻ വൈകുന്നത്.

**പരാ-തി പരിഹാരം സംബന്ധിച്ച്:**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലുംകാര്യത്തിൽ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തിൽ പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികൾ സ്വീകരിച്ചു രസീറ്റ് നൽകുകയും പരമാവധി 7 ദിവസ പരിധിക്കുള്ളിൽ അന്വേഷിച്ചു പരാതിക്കാരന് മറുപടി നൽകേണ്ടതാണ്(section (19). പരാതികൾ അറിയിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പർ (18004251004 ) പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതുണ്ട് . പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ഇതുവരെയായി രണ്ടു പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും അതിനുള്ള നടപടി സ്വീകരിച്ചതായും കാണപെട്ടു.കൂലി വൈകിയ പരാതി ആണ് ,

**സോഷ്യൽ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്:**

തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ പങ്കാളികളാവുന്നതിനു തൊഴിലാളികള്ക്ക് അവകാശമുണ്ട്. (സെക്ഷൻ 17.2)

**8.തൊഴിലാളികളുടെകടമകൾ**

1. കൃത്യസമയത്ത്തൊഴിൽസ്ഥലത്ത്ഹാജരായിഒപ്പ് വയ്ക്കുക.
2. തൊഴിലുറപ്പ്ഗ്രാമസഭയ്ക്ക്സോഷ്യൽഓഡിറ്റ്ഗ്രാമസഭയും കൃത്യമായിപങ്കെടുക്കുക.
3. പ്രകൃതിസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്ത്നടപ്പിലാക്കുക.
4. ആസ്തിസൃഷ്ടിക്കുന്നപ്രവൃത്തികൾ കണ്ടെത്തിമേറ്റ്നെയുംപഞ്ചായത്ത് അധികൃതരെയും അറിയിക്കുക.

<u>**9. റജിസ്റ്റർ പരിശോധന**</u>

കേന്ദ്രസർക്കാരിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്റർ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. AMC പ്രകാരമുള്ള 7 രജിസ്റ്ററുകളും ഉണ്ടായിരുന്നു.അവ താഴെ പറയ്യുന്നു.

**1. തൊഴിൽ കാർഡ് രജിസ്റ്റർ** .

MIS ൽ നിന്നും ഡൌൺലോഡ് ചെയ്ത കോപ്പിയിൽ വാർഡ് തലത്തിൽ ഉള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.ഗ്രാമസഭരജിസ്റ്റർ**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ ,യോഗങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് വാർഡ് തലത്തിൽ പ്രത്യേക ഗ്രാമസഭാ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.ഈ വാർഡിൽ എല്ലാ

**3 തൊഴിൽ അപേക്ഷാ രജിസ്റ്റർ**

തൊഴിൽ ആവശ്യപ്പെട്ടു ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങളും അതുപ്രകാരം അവർക്ക് തൊഴിൽ അനുവദിച്ചതിന്റെ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി വെക്കേണ്ടതാണ്

MISൽനിന്നും ഡൌൺലോഡ് ചെയ്തകോപ്പിയിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്(പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികളുംപഞ്ചായത്ത് തലത്തിൽ എഴുതി സൂക്ഷിച്ച രജിസ്റ്റർ കൃത്യമായി പൂർത്തീകരിച്ചിട്ടുള്ളത്

4. **വർക്ക് രജിസ്റ്റർ:**

തൊഴിലുറപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ യഥാസമയം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടാതാണ്.

**2018- 19** കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ നല്ല രീതിയിൽ എം,ൈഎ.എസ് ൽ നിന്നും ഡൗൺലോഡ് ചെയ്തു സൂക്ഷിച്ചിരിക്കുന്നു**.** (പഞ്ചായത്തിന്റെ മുഴുവൻ പ്രവൃത്തികളും

**5 ആസ്തിരജിസ്റ്റർ: (**സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

ആസ്തി രജിസ്റ്റർ സൂക്ഷിചിരുനെങ്കിലും 12.12.16 നാണ് അവസാനമായി പൂരിപിചിരിക്കുന്നത്

ചെയ്യുന്ന പ്രവൃത്തികൾ എല്ലാം രേഖപെടുത്തുന്നു.എന്നാൽ പല ഭാഗങ്ങളും ഒഴിഞ്ഞു കിടക്കുന്നു.ആസ്തിയുടെ അഡ്രസ് .പ്രവൃത്തി തുടങ്ങിയ തീയതി,അവസാനിച്ച തീയതി,ചിലവായ തുക ,എന്നിവ ഒഴിഞ്ഞു കിടക്കുന്നു

**6.പരാതി രജിസ്റ്റർ:**

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഏതു പരാതിയും വാക്കാലോ,രേഖാമൂലമോ ലഭിക്കുകയാണെങ്കിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നിർബന്ധമായും കൈപ്പറ്റു രസീത് പരാതിക്കാരന് നൽകുകയും വേണം . 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികൾക്ക് ലഭ്യമാക്കണം.പരാതി രജിസ്റ്റർ കൃത്യമായി സൂക്ഷിചിടുണ്ട്.ലഭിച്ച പരാതി അതിനു എടുത്ത നടപടി ക്രമങ്ങൾ എന്നിവ കൃത്യമായി രേഖ പെടുത്തിയിട്ടുണ്ട്ഒരേ ഒരു പരാതി മാത്രമാണ് നിലവിൽ ലഭ്യമായത്.

**7.മെറ്റീരിയൽരജിസ്റ്റർ :**

തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഭാഗമായി വരുന്ന സാധന സാമഗ്രികളുടെ വാങ്ങൽ തീരുമാനം, ഉപയോഗം, നീക്കിയിരിപ്പ്, ചെലവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മുഴുവനും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്..മെറ്റീരിയൽ രജിസ്റ്റർ എം ഐ സിൽ നിന്നും ഡൌൺലോഡ് ചെയ്തു വച്ചിട്ടുണ്ട്.

**<u>10.പ്രവൃത്തി ഫയലിലെ 22 രേഖകൾ</u>**

AMC പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്.

**1.കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച ഫയലിൽ ഒന്നിൽ പോലും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല. എന്നിരുന്നാലും പുതിയ സാമ്പത്തീക വർഷത്തിൽ സൂക്ഷിച്ചിട്ടുള വര്ക്ക് ഫയലിൽ കാണുവാൻ സാധിച്ചു.

ഏതൊരാള്ക്കും എപ്പോഴും പരിശോധനക്ക് വിധേയമാക്കാവുന്ന രേഖകൾ ആണ് ഒരു പ്രവൃത്തി ഫയലിൽ സൂക്ഷിചു വയ്കേണ്ടത് ,ഒരു പ്രവൃത്തി ഫയലിൽ ആധികാരികമായി വേണ്ടതും പ്രവൃത്തിയെ കുറിച്ച് ഏതൊരാൾക്കും എളുപത്തിൽ മനസിലാക്കാൻ സാധിക്കുന്ന രേഖ കവർ പേജ് ആണ്,അതുകൊണ്ട് എല്ലാവർക്ക് ഫയലിലും കവർ പേജ് ഉണ്ടായിരികേണ്ടത് വളരെ അത്യാവശ്യമാണ്.

**2.ചെക്‌ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലീൽ ചെക്‌ലിസ്റ്റ് കാണാൻ സാധിച്ചില്ല.

**3.**ആക്ഷൻ**പ്ലാൻ**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി.ഗ്രാമസഭ നിർദ്ദേ ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. പരിശോധിച്ച ഫയലുകളിൽ ഒന്നിൽ പോലും AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽ പഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാൻ വാർഡ് തലത്തിൽ തരം തിരിച്ചു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു

ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികേണ്ടതാണ്.

### 4.എസ്റ്റിമേറ്റ് ഡിസൈൻആൻഡ്ഡ്രോയിങ്

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന്റെ അനുമതിയോടുകൂടിയ സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്.**ഓ**രോ പ്രവർത്തിക്കും എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നേട്ടങ്ങൾ വിശദീകരിക്കുന്ന സാങ്കേതിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കേണ്ടതും സെക്വർ സോഫ്റ്റ് വെയറിലൂടെ ഓൺലൈനായി അനുമതികൾ ലഭ്യമാക്കേണ്ടതുമാണ് . ഫയലിൽ വിശദമായഎസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

എസ്റ്റിമേറ്റിൽ സാങ്കേതികവിദഗ്ദരുടെ ഒപ്പ് ഉണ്ടായിരുന്നു. എസ്റ്റിമേറ്റ്റിപ്പോർട്ട് പ്രോജക്ട് റിപ്പോർട്ട് ഇവ .. സൂക്ഷിച്ചിരുന്നു ,ജനകീയ എസ്റ്റിമേറ്റ് ഡിസൈൻ ആൻഡ് ഡ്രോയിങ്എന്നിവ ഉണ്ടായിരുന്നില്ല.

### 5. ഭരണാനുമതി

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതി

പരിശോധിച്ച ഫയലുകളിൽ ഭരണാനുമതി യുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട് . എന്നാൽ എ എം സി പ്രകാരം ഉള്ളതല്ല.

### 7.സംയോജിതപദ്ധതി(കൺവേർജൻസ്)

ഓഡിറ്റ് നു വിധേയമാക്കിയ പ്രവര്ത്തിക്ക് ഈ രേഖകൾ ബാധകമല്ല.

### 8.ഡിമാൻഡ്ഫോം

തൊഴിൽ അവശ്യമുള്ള തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പർ ചേർത്ത് മേറ്റ് കൊടുക്കുന്ന വെള്ള പേപ്പറിൽ കൊടുക്കുന്ന അപേക്ഷയാണ് ഫയലിൽ ഉള്ളത് .അതിൽ തൊഴിൽ വേണ്ട തീയതിയോ രേഖ പെടുത്തിയിട്ടില്ല.

### 9.വർക്ക്അലോക്കേഷൻഫോം

തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക് അലോക്കേഷൻ ഫോം ഈ പ്രവർത്തിയുടെ ഫയലിൽ സൂക്ഷിച്ചിരുന്നില്ല ,

### 10.ഇ മസ്റ്റർ റോൾ

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇമസ്റ്റർ റോൾ.ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. ഇ- മസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ട് തീയതി. ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. ഒപ്പിടുന്ന കോളങ്ങളിൽ തീയതി എഴുതിട്ടുണ്ടയിരുനിലചില മസ്റ്റർ റോളിൽ എം ബുക്ക് നമ്പർ രേഖപെടുത്തിയിട്ടുണ്ട് എങ്കിലും ചിലതിലില്ല.പരിശോധനയ്ക്ക് വിധേയമാക്കിയ വര്ക്ക് ഫയലിലെ മസ്റ്റർ റോളിൽവെട്ടിത്തിരുത്തലുകൾ ഉണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെപേര് | മസ്റെർറോൾനമ്പർ | റിമാർക്ക് |
| --- | --- | --- |
| പൊന്നംവയൽനീർത്തടത്തിൽ കല്ലുകയ്യാലനിർമ്മാണംWc/298116 | 7152 | ടോട്ടൽ ഡെയിലി അറ്റൻഡൻസിൽ തിരുത്തലുകൾ കാണപ്പെട്ടു. |
| | 7155 | |

**11.മെഷർമെൻറ്പുസ്തകം (M Book)**

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതി നുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്.മെഷർമെൻറ് ബുക്കിൽ നമ്പർ പേജ് നമ്പർ ഇവ രേഖപ്പെടുത്തിയിട്ടുണ്ട് AS,TS നമ്പർ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റെർ റോൾനമ്പർ , ഓവർസിയരുടെ സീൽ എന്നിവ ഇല്ല. പ്രീ മെഷർമെൻറ് രേഖ പെടുത്തിയത് തീയതി ഇല്ലാതെ ആണ്, കൂടാതെ പ്രവൃത്തിയുടെ അളവിൽ തെറ്റുണ്ടായിരുന്നു..ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത് ഓവർസിയർ, എൻജിനീയർ എന്നിവരുടെ ഒപ്പ് മെഷർമെന്റ് ബുക്കിൽ ഉണ്ടായിരുന്നു. പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലിൽ എം ബുക്ക് സൂക്ഷിച്ചിരുന്നു.

**12.മെറ്റീരിയൽലിസ്റ്റ്:ബാധകമല്ല**

**13.**വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ച കൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും കാണാൻ സാധിച്ചു.

**14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ**

ഒരു മസ്റ്റർ റോൾ അവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണം എന്ന് നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്ന എസ്റ്റിമേറ്റ് കാണിക്കുകയോ ചെയ്യുന്നത് നിയമവിരുദ്ധമാവുകയും സെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക് വിധേയമാവേണ്ടി വരുകയും ചെയ്യും. ഫയലിൽ ഫയൽ ട്രാക്കിംഗ് ഫോം അഥവാ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നു. ആരംഭിച്ച തീയതിയും അവസാനിച്ച തീയതിയും രേഖപ്പെടുത്തിയിരുന്നു. മറ്റു പ്രധാനപ്പെട്ട കോളങ്ങൾ MIS ൽ അപ്ലോഡ് ചെയ്ത തീയതി,വേതനം അനുവദിച്ച മുതലായവ രേഖപ്പെടുത്തി .

15. മെറ്റീരിയൽ വൗച്ചർ ബിൽ

ബാധകമല്ല

**16.**ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO**)'**

പരിശോധിച്ച ഫയലുകളിൽ ഒന്നും ഫണ്ട് ട്രാൻസ്ഫർ ഓർഡർ(FTO)' ഹാർഡ് കോപ്പി സൂക്ഷിച്ചിട്ടില്ല .എങ്കിലും നമ്പർ രേഖപ്പെടുത്തികണ്ടു.

**17. റോയൽറ്റി**

പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

പ്രവർത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോൾ തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്ന്നിഷ്കർഷിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളും സൂക്ഷിച്ചിരിക്കുന്നില്ല.

19 .**<u>ജിയോ ടാഗ്ഗ് ഫോട്ടോസ്</u>**

പ്രവര്‍ത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഗ് ഫോട്ടോസ്. എന്നാല്‍ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിലുംജിയോ ടാഗ്ഗ് ഫോട്ടോസ് കോപ്പി കാണാന്‍ സാധിച്ചില്ല.

**20 <u>പ്രവൃത്തി പൂര്‍ത്തീകരണ സാക്ഷ്യപത്രം</u>**

സൂക്ഷിച്ചിട്ടില്ല

**21.** സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ട്.

എഎംസി പ്രകാരമുള്ള സോഷ്യല്‍ ഒാഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

സംസ്ഥാന സര്‍ക്കാരിന്‍റെ നിര്‍ദ്ദേശപ്രകാരം വര്‍ക്ക് ഫയലില്‍ സൂക്ഷിക്കേണ്ട 22 മത്തെ രേഖയാണ് സൈറ്റ് ഡയറി.പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികള്‍ സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു സൈറ്റ് ഡയറികളില്‍, സന്ദര്‍ശകരുടെ പേരും,ഒപ്പും, രേഖപ്പെടുത്തിയിരുന്നെങ്കിലും, കുറിപ്പ് ഉണ്ടായിരുന്നില്ല.അതോടൊപ്പം തന്നെ പദ്ധതി നിര്‍വഹണ ഏജന്‍സിയുടെ ഉദ്യോഗസ്ഥര്‍ സന്ദര്‍ശനം വളരെ കുറഞ്ഞതോതില്‍ മാത്രമ്മാണ് കാണപെട്ടത്..

**<u>11. CIB- സിറ്റിസണ്‍ ഇന്‍ഫര്‍മേഷന്‍ ബോര്‍ഡ്</u>**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസണ്‍ ഇന്‍ഫര്‍മേഷന്‍ ബോര്‍ഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവര്‍ത്തിയുടെ അടിസ്ഥാന വിവരങ്ങള്‍ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങള്‍ യഥാര്‍ത്ഥ ചെലവ് തൊഴില്‍ ദിനങ്ങള്‍ തുടങ്ങിയ വിവരങ്ങള്‍ സാധാരണ ജനങ്ങള്‍ക്കും ഗുണഭോക്താക്കള്‍ക്കും മനസ്സിലാകുന്ന രീതിയില്‍ പ്രദര്‍ശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോര്‍ഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവര്‍ത്തിയുടെയും ആരംഭഘട്ടത്തില്‍ ആണ്. ഓരോ പ്രവര്‍ത്തിക്കും അനുസൃതമായി നിഷ്കര്‍ഷിച്ചിട്ടുള്ള അളവുകളില്‍ ഉള്ള ബോര്‍ഡുകള്‍ സിമന്‍റ്ഉം കോണ്‍ക്രീറ്റും ഉപയോഗിച്ച് നിര്‍മ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിന്‍ ,ഫ്ള ക്സ്ഷീറ്റുകള്‍ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോര്‍ഡുകള്‍ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിര്‍മ്മാണച്ചെലവ് വ്യക്തിഗത പ്രവര്‍ത്തികള്‍ക്ക് 3000 രൂപയും പൊതു പ്രവര്‍ത്തികള്‍ക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവല്‍ മാസ്റ്റര്‍ സര്‍ക്കുലര്‍ നിഷ്കര്‍ഷിക്കുന്നത്. സിഐബി അടങ്ങുന്ന ഒരു ഫോട്ടോ വര്‍ക്ക് ഫയലില്‍ ഉള്‍പ്പെടുത്തണം എന്നത് നിര്‍ബന്ധമാണ്. –

| ക്ര | പ്രവൃത്തിയുടെ | എസ്റിമേറ്റ്തുക | എംബുക്ക | ഫീല്‍ഡില്‍സന്ദര്‍ശനം |
|---|---|---|---|---|
| **1** | കല്ല്കയ്യാലനിര്‍മ്മാണംwc/328881 | 5000 | Nil | സി ഐ ബി ബോര്‍ഡ് സ്ഥാപിച്ചിട്ടില്ല. |
| **2** | പൊന്നംവയല്‍മുണ്ടര്‍കാണാംനീര്‍ത്തടത്തില്‍തടയണനിര്‍മ്മാണം**<u>Wc/336296</u>** | 5000 | Nil | സിഐബി ബോര്‍ഡ്സ്ഥാപിച്ചിട്ടില്ല |
| **3** | **<u>കല്ല്കയ്യാലനിര്‍മാണംWC/298116</u>** | **5000** | Nil | സിഐബി ബോര്‍ഡ്സ്ഥാപിച്ചിട്ടില്ല. |

**12.റോസ്ഗാര്‍ദിനം**

തൊഴില്‍ ആവശ്യകത കൃത്യമായി രജിസ്റ്റര്‍ ചെയ്യുന്നതിനും തൊഴിലാളികളുടെ അര്‍ഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികള്‍ പരിഹരിക്കുന്നതിനുമായി റോസ്ഗാര്‍ ദിനം സംഘടിപ്പിക്കേണ്ടതാണ്..ജൂണ്‍ മാസത്തില്‍ **റോസ്ഗാര്‍ദിനം നടത്തിയതായി കണ്ടു.**

## 13.വിജിലന്സ് ആന്ഡ് മോണിറ്ററിംഗ് കമ്മിറ്റി(ജാഗ്രത മേൽനോട്ട സമിതി .)

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേ ണ്ടതാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. ഏറ്റവും കുറഞ്ഞ കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശ നം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ പരിശോധന ,പ്രവർത്തി സ്ഥ ല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണ യം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗു ണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോ ധി ക്കേണ്ടതും മൂല്യ നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ് VMC റിപ്പോർട്ട് ഒരു പൊതുരേഖയായി കരുതേണ്ട തും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതും ആണ്.

| ക്ര | പേരവിവരങ്ങൾ | Contactnumber |
|---|---|---|
| 1 | വത്സ രാജു | 9447356903 |
| 2 | സി .കൃഷ്ണൻ | 9847851153 |
| 3 | പി.ശശിധരൻ | 9048298978 |
| 4 | പി. വി .ശശി | 9526644052 |
| 5 | കെ.ആർ.സതീശൻ | 9744459861 |

## 14.നിരീക്ഷണങ്ങളും നിർദേശങ്ങൾ

- വർക്ക് ഫയലിൽ സൂചിപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് ജനകീയ ഭാഷയിലേക്ക് ആക്കി പ്രവൃത്തി സമയത്ത് മേറ്റ്ന്റെ കൈവശം വയ്ക്കണം ,പൊതു സ്ഥലങ്ങളിൽ പ്രദർശനത്തിനും ഉപയോഗിക്കേണ്ടതാണ്
- എ എം സി പ്രകാരം 22 രേഖകളും വർക്ക് ഫയൽ സൂക്ഷികേണ്ടതാണ്
- വിഎംസി അംഗങ്ങലെ ഗ്രാമസഭ വഴി തിരഞ്ഞെടുക്കാനും അവരുടെ പ്രവർത്തനം മെച്ചപെടുത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കണം, അതോടൊപ്പം സ്ത്രീകളുടെ പങ്കാളിത്തം നിർബ്ബന്ധമായും ഉറപ്പു വരുത്തണം.
- തൊഴിലിനുഅപേക്ഷിക്കുന്ന രീതി കുറച്ചു കൂടി മെച്ചപെടുത്തുവനും, അതോടൊപ്പം കൈപറ്റ് രസീത് നൽകുവാനും നടപടി ഉണ്ടാകണം
- തൊഴിൽ കാർഡിന് അപേക്ഷിച്ച് പതിനഞ്ചു ദിവസത്തിനുള്ളിൽ തന്നെ കാർഡ് ലഭ്യമാക്കുവാനുള്ള നടപടികൾ ഉണ്ടാകണം
- തൊഴിലിടങ്ങളിൽ നിർബന്ധമായും അടിസ്ഥാന സൗകര്യം ഒരുക്കണം (കുടിവെള്ളം,പ്രഥമ ശുശ്രൂഷ ,കയ്യുറകൾ കാലുറകൾ).
- എം ബുക്കിർബന്ധമായും പ്രവൃത്തി നടക്കുന്ന പ്രദേശത്തിന്റെ വിവരങ്ങൾ നിർബന്ധമായും രേഖ പെടുത്തണം
- .തൊഴിലുറപ്പിൽ അനുവദനീയമായതും മുന്ഗണന ക്രമത്തിലും പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിൽ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നൽകുകയും ചെയ്യേണ്ടതാണ്.
- മേറ്റ് കൂട്ടമായി അപേക്ഷ നല്കുമ്പോൾ തൊഴിൽ ആവശ്യ മുള്ളവരെ ഉൾപെടുത്തി അപേക്ഷ കൊടുക്കാൻ ശ്രമിക്കുക,
- ഉദ്യോഗസ്ഥർ രേഖകളിൽ ഒപ്പുവെക്കുമ്പോൾ തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.

- ➢ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ വർഷവും തിരഞ്ഞെടുക്കേണ്ടതാണ്. വിഎംസിയുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- ➢ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി യിൽ സ്ത്രീ പ്രാധിനിത്യം നിർബന്ധമായും ഉണ്ടായിരിക്കണം
- ➢ പദ്ധതിയുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് വിഎംസിയുടെ ഇടപെടലുകൾ പ്രവൃത്തി സ്ഥലങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.
- ➢ തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികൾ ദീർഘകാല നിലനിൽപ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾതൊഴിലാളികൾക്ക് ഓവർസീയർ മാർ നൽകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
- ➢ ചെക്ക് ലിസ്റ്റ് പോലെ പ്രാധാന്യം ഉള്ള മസ്റ്റർ റോളിൽ യാതൊരു വിധ വെട്ടിതിരുത്തലും പാടില്ല.ഹാജർ കൃത്യമായി രേഖ പെടുത്തണം.
- ➢ മസ്റ്റർ റോളിൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുന്ന എം.ബുക്കിൻറെ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- ➢ മസ്റ്റർ റോളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥർ തീയ്യതി കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

**ഗ്രാമസഭ** നിർദ്ദേശങ്ങൾ

- തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യം ലഭിക്കണം..
- തൊഴിൽ ദിവസങ്ങളിൽ മാസ്റ്റർ റോളുകളിൽ പേരുള്ളവർ ഹാജരാകുന്നില്ല. ആയതിനാൽ തൊഴിൽ ഉള്ള ദിവസങ്ങളിൽ തൊഴിലാളികൾക്ക് വരാൻ സാധിക്കുന്നില്ല എങ്കിൽ മേറ്റിനെ മുൻകൂട്ടി അറിയിക്കണം.
- ഫയലുകളിൽ സൂക്ഷിക്കേണ്ട 22 രേഖകൾ കൃത്യമായി സൂക്ഷിക്കുക.
- തൊഴിലുറപ്പിൽ അനുവദനീയമായതും മുന്ഗണന ക്രമത്തിലും പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- ഇപ്പോൾ നടക്കുന്ന ഓവുചാൽ നിർമ്മാണത്തിന്റെ അളവ് കുറയ്ക്കണം എന്നും ആവശ്യപ്പെട്ടു.
- വേതനനിരക്ക് വർദ്ധിപ്പിക്കുവാൻ ആവശ്യമുന്നയിച്ചു.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയിൽ സ്ത്രീ ഒന്നായി ചുരുങ്ങി.
- കൃത്യമായി വേതനം ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതിപ്പെട്ടു.
- പുതിയ പദ്ധതികൾ ഉൾക്കൊള്ളിക്കുവാൻ നിർദ്ദേശിച്ചു.

## തൊഴിലുറപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച മറുപടി

- കൂലി വൈകുന്നത് കേന്ദ്ര ഫണ്ട് വൈകുന്നത് കാരണം ആണ് .
- ഓവുചാൽ നിർമ്മാണത്തിൽ ഇതിൽ കൃത്യമായ അളവ് ഓരോ തൊഴിലാളികൾക്കും മാനദണ്ഡ പ്രകാരം ഉള്ളതാണ്. അതിൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നതല്ല.

## ഗ്രാമ സഭ തീരുമാനം

- കുടിവെള്ള സൗകര്യം ,കയ്യുറ കാലുറ എന്നിവ ലഭിക്കുനതിനായി പഞ്ചായത്തിൽ അപേക്ഷ നല്കാൻ തീരുമാനിച്ചു.
- എ എം സി പ്രകാരം വർക്ക് ഫയലില് ഇരുപത്തി രണ്ടു രേഖകൾ സൂക്ഷിക്കാൻ തീരുമാനിച്ചു.
- പുതിയ പദ്ധതികൾ മുൻഗണന ക്രമത്തിൽ അടുത്ത ആക്ഷൻ പ്ലാനിൽ ഉൾപെടുത്താൻ തീരുമാനിച്ചു..
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി യിൽ ഒരു സ്ത്രീയും കൂടി വേണമെന്ന് തീരുമാനിച്ചു

**15.ഉപസംഗ്രഹം**

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീവി പ്പിക്കുന്നതിനും അതുവഴി സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടുള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്.
എങ്ങനെയെങ്കിലും പ്രവർത്തികൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ. വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്നതും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ

കളങ്കപ്പെടുത്തുന്നതായി  വിഷമത്തോടെ നോക്കി നിൽക്കേണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

അനുബന്ധം- 1-

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

**വിഭാഗം ബി**-ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങള്ക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.,

**<u>ഭൂപ്രദേശത്തിന്റെ വിവരങ്ങൾ</u>**

**<u>പൊന്നംവയൽ നീർത്തടത്തിൽ കല്ല് കയ്യാല നിർമാണംwc/298116,wc/328881</u>**

| | | | |
|---|---|---|---|
| ഉഷാകുമാരി | ഓമന | സിസിലി | കണ്ണൻ |
| സുരേഷ് എം വി | പ്രേമ സി.പി | സന്തോഷ് | കെ ഓ കൃഷ്ണൻ |
| ശ്യാമള | ഉബൈദ് | ഉമേഷ് | കാർത്ത്യായനി |
| തമ്പായി കെ | നളിനി | ഓമന ജനാർദ്ദനൻ | കോത്തിരി രതീഷ് |
| സുധ | നബീസാ | രജനി പി.വി | റംല |